"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. 120 /ഡി.സി.1/2021/തസ്വഭവ (പാർട്ട് I)

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 26/07/2021

**സർക്കുലർ**

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - പകർച്ച വ്യാധി പ്രതിരോധ പ്രവർ ത്തനം - മാർഗനിർദേശങ്ങൾ - പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) 08.02.2021-ലെ 26/ഡിസി1/2021/തസ്വഭവ നമ്പർ സർക്കുലർ

2) 28.05.2021-ലെ 26/ഡിസി1/2021/തസ്വഭവ നമ്പർ സർക്കുലർ

3) മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 2021 മേയ് 25 -ന് നടന്ന യോഗം.

4 ) ബഹു: തദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെയും ബഹു. ആരോഗ്യവകുപ്പ് മന്ത്രിയുടെയും നേതൃത്വത്തിൽ മെയ് 26 ന് 12.30 ന ചേർന്ന യോഗം.

5 ) ബഹു: തദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2021 മേയ് 27 ന രാവിലെ 09.30 ന ചേർന്ന യോഗം.

**********************

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി സൂചന 1 ഉം 2 ഉം പ്രകാരം സർക്കാർ വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും അതു പ്രകാരം പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്യുകയുണ്ടായി. എന്നാൽ കോവിഡിന്റെ അതിവ്യാപനവും ലോക്ഡൌണും പ്രസ്തുത ക്യാമ്പയിന്റെ വിപുലമായ നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചതിനെ തുടർന്നു വിപുലമായ ശുചീകരണ പ്രവർത്തനം സംഘടിപ്പിക്കാൻ സൂചനകൾ 3 ഉം 4 ഉം പ്രകാരം തീരുമാനിച്ചിരുന്നു. സൂചന 5 പ്രകാരം ജൂൺ 5 ന് പൊതുസ്ഥലങ്ങളും സ്ഥാപനങ്ങളും മാലിന്യങ്ങൾ നീക്കം ചെയ്തു ശുചീകരിക്കാനും ജൂൺ 6 വീടും പരിസരവും ശുചീകരണം നടത്തുന്ന രീതിയിലും ക്യാമ്പയിൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. മേൽപ്പറഞ്ഞ ശുചീകരണ, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ തുടർ പ്രവർത്തനമെന്ന നിലയിൽ നടത്തേണ്ടത് അനിവാര്യമായിരിക്കുകയാണ്.

ഇപ്പോൾ സിക്ക, ഡെങ്കി എന്നീ പകർച്ചവ്യാധികൾ ഭീഷണിയായിരിക്കുന്ന സാഹചര്യത്തിൽ പകർച്ചവ്യാധികളുടെ വ്യാപനം തടയുന്നതിനായി സ്വീകരിക്കേണ്ട അടിയന്തര നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. ഗാർഹികതലം, സ്ഥാപനതലം, പൊതുതലം എന്നിങ്ങനെ മൂന്നു

തലങ്ങളിലായി ക്യാമ്പയിൻ പ്രവർത്തനമേഖലകൾ തരംതിരിച്ച് കൊണ്ട് വാർഡ് തല ആരോഗ്യ-ശുചിത്വ-പോഷണ സമിതിയുടെ നേതൃത്വത്തിൽ കൃത്യമായ ആസൂത്രണവും മതിയായ ഏകോപനവും ഉറപ്പാക്കി യോജിച്ചുള്ള പ്രവർത്തനങ്ങളാണ് നടത്തേണ്ടത്. ആയതിന് അനിവാര്യമായ ധനസഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വാർഡുതല സമിതികൾക്ക് ലഭ്യമാക്കി മേൽ പ്രവർത്തനങ്ങൾ ലക്ഷ്യത്തിലെത്തിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഓരോ വീടുകളിലും സ്ഥാപനങ്ങളിലും, പൊതുയിടങ്ങളിലും കൊതുക് നിർമ്മാർജ്ജനവും മാലിന്യമുക്ത പരിസരവും ഉറപ്പാക്കുന്ന ഫീൽഡ്തല പ്രായോഗിക പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ നേതൃത്വവും ഏകോപനവും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്.

**ക്യാമ്പയിൻ - ആസൂത്രണം**

പഞ്ചായത്ത്, നഗരസഭാതലങ്ങളിൽ നിലവിൽ കോവിഡ് പ്രതിരോധത്തിനായി പ്രവർത്തിച്ചു വരുന്ന കോർ ഗ്രൂപ്പ് മെഡിക്കൽ ഓഫീസറെയും ഉൾപ്പെടുത്തി അടിയന്തര യോഗം ചേർന്ന് മുൻ വർഷങ്ങളിൽ തദ്ദേശ സ്വയംഭരണപ്രദേശത്ത് കൊതുക്ജന്യ, ജലജന്യ രോഗങ്ങളും എലിപ്പനിയും കൂടുതൽ റിപ്പോർട്ട് ചെയ്ത പ്രദേശങ്ങളും സാധ്യതയുള്ള പ്രദേശങ്ങളും വിലയിരുത്തി പ്രസ്തുത പ്രദേശങ്ങളിൽ ശുചീകരണ - ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. ഇത് സംബന്ധിച്ച കണക്കും വിവരങ്ങളും ആരോഗ്യ വിഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അടിയന്തരമായി നൽകണം.

ഓരോ വാർഡുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും, ജനപ്രതിനിധികളുടെ നേതൃത്വത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ചുമതലയിലും, സന്നദ്ധ പ്രവർത്തകർ, രാഷ്ട്രീയ പാർട്ടികൾ, സാമൂഹ്യ സംഘടനകൾ, എൻ.ജി.ഒ, സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുടുംബശ്രീ, ഹരിതകർമസേന, വ്യാപാരി വ്യവസായികൾ, റസിഡന്റ്സ് അസോസിയേഷനുകൾ, കലാ-കായിക സാംസ്കാരിക സംഘടനകൾ തുടങ്ങി കൂട്ടിയോജിപ്പിക്കാൻ കഴിയുന്ന മുഴുവൻ സംഘടനകളെയും സ്ഥാപനങ്ങളെയും പ്രവർത്തന പങ്കാളികളാക്കണം. കൂടാതെ ഓരോ അനുബന്ധ വകുപ്പുകളുടേയും നേതൃത്വത്തിൽ നടക്കേണ്ട പ്രവർത്തനങ്ങളും കൃത്യമായി ആസൂത്രണം ചെയ്യേണ്ടതാണ്.

ഇതിനായി വാർഡുതല ആരോഗ്യ-ശുചിത്വ-പോഷണ സമിതി യോഗം ചേർന്ന് ഓരോ വാർഡിലെയും വീടുകളിലും, സ്ഥാപനങ്ങളിലും, പൊതുയിടങ്ങളിലുമുള്ള പ്രധാന ശുചിത്വ-മാലിന്യ-പൊതുജനാരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി, അവ പരിഹരിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഓരോ 5 0 വീടുകളെ/സ്ഥാപനങ്ങളെ വീതം ഉൾപ്പെടുത്തി ക്ലസ്റ്ററുകൾ രൂപീകരിക്കണം. ഓരോ ക്ലസ്റ്ററിനും ആനുപാതികമായി ശുചിത്വ സ്ക്വാഡുകൾ രൂപീകരിച്ച് ശുചിത്വ മാപ്പിംഗും മൈക്രോലെവൽ കർമ്മപരിപാടികളും ആസൂത്രണം ചെയ്യണം.

മൈക്രോലെവൽ കർമ്മപരിപാടികളെ വാർഡുതലത്തിലും തുടർന്ന് പഞ്ചായത്ത്/നഗരസഭാതലത്തിലും ഏകോപിപ്പിച്ച് നടപ്പാക്കണം.

**കർമ്മപദ്ധതികൾ**

1 . ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം കാമ്പയിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുള്ള

പദ്ധതികൾ വീണ്ടും കാമ്പയിൻ ആയി ഏറ്റെടുത്ത് 2021 **ഓഗസ്റ്റ്** 01 **മുതൽ** 08 വരെ നടപ്പാക്കേണ്ടതാണ.

2 . കൊതുകിന്റെ ഉറവിടം നശിപ്പിക്കുക, കൊതുക് വളരാനുള്ള സാഹചര്യം ഒഴിവാക്കുക എന്നതായിരിക്കണം ശുചീകരണത്തിൽ മുഖ്യമായും ശ്രദ്ധ നൽകേണ്ടത്. വെള്ളം കെട്ടികിടക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ കൊതുകുകളുടെ ഉറവിട നിർമ്മാർജ്ജനം നടത്തൽ, ഓടകൾ, കാനകൾ എന്നിവ വൃത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ, വീട്ടുകൾ/സ്ഥാപനങ്ങൾ/പൊതുയിടങ്ങൾ സന്ദർശിച്ച് കൊതുക് മുട്ടയിട്ട് വളരുന്നതിനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ, ജലസ്രോതസുകളുടെ ക്ലോറിനേഷൻ നടപടികൾ, ആഴ്ചയിൽ ഒരുദിവസം ഡ്രൈ ഡേ ആചരിക്കൽ.

3. വാർഡിനെ 30 - 50 വീട്ടുകൾ വീതം വരുന്ന ക്ലസ്റ്ററുകളായി തിരിച്ച് ഓരോ ക്ലസ്റ്ററിലേയും മുഴുവൻ വീട്ടുകളും അതിനുള്ളിൽ .വരുന്ന സ്ഥാപനങ്ങളും മാലിന്യമുക്തമാക്കാനും കൊതുക് വളരുന്ന സാഹചര്യം ഒഴിവാക്കിയെന്ന് ഉറപ്പാക്കാനും കഴിയണം. ക്ലസ്റ്റർ ചുമതലയുള്ള പ്രവർത്തകർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

4 . ശുചീകരണ പ്രവർത്തനത്തിന് നേതൃത്വം നൽകുന്ന പ്രവർത്തകർ കർശനമായും കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നുണ്ടെന്ന് വാർഡിലെ RRT ഉറപ്പാക്കേണ്ടതാണ്.

5. എലിപ്പനി സാധ്യതയുള്ള പ്രദേശങ്ങൾ, അത്തരം സ്ഥലങ്ങളിൽ തൊഴിലിൽ ഏർപ്പെടുന്നവർക്ക് PHC യുമായി ബന്ധപ്പെടുത്തി ബോധവൽക്കരണവും ആരോഗ്യ പ്രവർത്തകരുടെ മേൽനോട്ടത്തിൽ ഡോക്സിസൈക്ലിൻ നൽകുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

6 . തദ്ദേശ സ്ഥാപനങ്ങളിൽ സൂചന 1 ലെ നിർദ്ദേശാനുസരണം രൂപീകരിച്ചിട്ടുള്ള ശുചിത്വ സ്ക്വാഡുകൾ പുനരുജ്ജീവിപ്പിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

7 . കോവിഡ് പ്രതിരോധത്തെക്കുറിച്ച് ബോധവത്കരണം നടത്തുന്നതോടൊപ്പം സിക, ഡെങ്കി, ചിക്കൻഗുനിയ, മലേറിയ, എലിപ്പനി തുടങ്ങിയ പകർച്ചാവ്യാധികൾ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടി ബോധവൽക്കരണത്തിൽ ഉൾപ്പെടുത്തി പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

8. ശുചീകരണം, മാലിന്യം നീക്കം ചെയ്യൽ , കൊതുക് നശീകരണം എന്നിവയ്ക്കായി വാർഡ് ശുചിത്വ - ആരോഗ്യ സമിതിക്ക് ലഭിക്കുന്ന ഫണ്ടിൽ നിന്നും തുക വിനിയോഗിക്കാവുന്നതാണ്

9 . ശുചീകരണ ശേഷം വീട്ടുകൾ, സ്ഥാപനങ്ങൾ, പൊതുയിടങ്ങൾ എന്നിവിടങ്ങളിൽ നിന്നും നീക്കം ചെയ്യുന്ന പാഴ്വസ്തുക്കൾ ഏറ്റെടുത്ത് തരംതിരിച്ച് വൃത്തിയാക്കി ഹരിതകർമ്മസേന/കരാറിലേർപ്പെട്ടിട്ടുള്ള ഏജൻസി മുഖേന എം.സി.എഫുകളിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പുന:ചംക്രമണ സാധ്യമല്ലാത്ത മാലിന്യം നീക്കം ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനിയുമായി ചേർത്ത് സൂചന 5 ലെ നിർദ്ദേശാനുസരണം നടപടി സ്വീകരിക്കേണ്ടതാണ്.

10. സ്ക്രാപ് ഷോപ്പുകൾ, പാഴ്വസ്തുക്കൾ സൂക്ഷിച്ചിട്ടുള്ള സ്ഥാപനങ്ങൾ എന്നിവ സന്ദർശിച്ച് കൊതുക് വളരുന്ന സാഹചര്യം ഇല്ലെന്ന് ഉറപ്പാക്കണം. ഇതോടൊപ്പം സ്റ്റോക്കുള്ള സാധനങ്ങൾ പുന:ചംക്രമണ കമ്പനികൾക്ക് കൈമാറുന്നതിനോ സുരക്ഷിതമായി സംഭരിക്കുന്നതിനോ അടിയന്തര നടപടി സ്വീകരിക്കണം.

11. ഡബിൾ മാസ്കിങ് വന്നതോട പുനരുപയോഗ സാധ്യമല്ലാത്ത സർജിക്കൽ മാസ്ക് വീട്ടുകളിലും

സ്ഥാപനങ്ങളിലും ധാരാളം മാലിന്യമായി വരുന്നുണ്ട്. ഇത് സുരക്ഷിതമായി സംസ്കരിക്കുന്നതിനുള്ള മാർഗനിർദേശം മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും R R T വഴിഎത്തിക്കാൻ പ്രത്യേക ശ്രദ്ധ നൽകണം.

12. മാർക്കറ്റ്, ഹോട്ടൽ, ബേക്കറി തുടങ്ങിയ സ്ഥലങ്ങളിൽ ശുചിത്വം സംബന്ധിച്ചും വെള്ളം സംബന്ധിച്ചും കൃത്യമായ ശ്രദ്ധ പതിപ്പിക്കണം.

13. തിളപ്പിച്ചാറ്റിയ വെള്ളം കുടിവെള്ളമായി ഉപയോഗിക്കുന്നതിനുള്ള പ്രത്യേക പ്രചാരണം നൽകണം. സുരക്ഷിത കുടിവെള്ള ലഭ്യത പ്രശ്നമുള്ള പ്രദേശങ്ങളിൽ കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

14. ശുചീകരണം, ഡ്രൈ ഡേ എന്നിവ സംബന്ധിച്ച് ശക്തമായ പ്രചാരണം ശുചിത്വ മിഷനും ഹരിത കേരളമിഷനും കൂടി സംഘടിപ്പിക്കേണ്ടതാണ്.

15. പകർച്ചവ്യാധി പ്രതിരോധവുമായി ബന്ധപ്പെട്ട് ആവശ്യമായ മരുന്ന്, കൊതുക് നശീകരണത്തിനുള്ള ഉപാധികൾ, PPE കിറ്റ് തുടങ്ങിയവ സ്റ്റോക്കുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്.

**ജലസ്രോതസ്സുകളുടെ ശുചീകരണം**

16. തദ്ദേശ സ്ഥാപന പരിധിയിലെ ജലസ്രോതസ്സുകൾ ഓരോന്നിന്റെയും ശുചീകരണ പ്രവർത്തനത്തിനുള്ള കർമ്മപദ്ധതി തയ്യാറാക്കണം.

17. നീർച്ചാലുകളിൽ ഇറങ്ങുന്നവർക്ക് ഗ്ലൗസ്, ബൂട്ട്, മാസ്ക് പോലെയുള്ള സുരക്ഷാ സംവിധാനങ്ങൾ ഉറപ്പാക്കണം. നീർച്ചാലുകളിൽ ഇറങ്ങുന്നതിന് മുമ്പ് സന്നദ്ധ പ്രവർത്തകർക്കും തൊഴിലാളികൾക്കും എലിപ്പനി പോലെയുള്ള രോഗങ്ങൾ വരാതിരിക്കുന്നതിനുള്ള പ്രതിരോധ നടപടികൾ പ്രാഥമികാരോഗ്യ കേന്ദ്രവുമായി ബന്ധപ്പെട്ട് ഉറപ്പാക്കണം.

18. ജലാശയത്തിൽ മാലിന്യ നിക്ഷേപം നടത്തുന്നവരെ കണ്ടെത്തി ശക്തമായ നിയമനടപടികൾ സ്വീകരിക്കുകയും ആയത് മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുകയും ചെയ്യണം.

19. മാലിന്യം നീക്കി ജലസ്രോതസുകളിലെ നീരൊഴുക്ക് സുഗമമാക്കണം.

**സർക്കാർ സ്ഥാപനങ്ങളിൽ/ പൊതുസ്ഥാപനങ്ങളിൽ കൊതുകുനിവാരണ യജ്ഞം**

20. സർക്കാർ ഓഫീസുകൾ, ആശുപത്രികൾ, കോളേജുകൾ, സ്കൂളുകൾ, പൊതുസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഹരിതകർമ്മസേന മുഖാന്തിരം പാഴ് വസ്തുക്കൾ, ഇ-മാലിന്യങ്ങൾ എന്നിവ ഒരേദിവസം ശേഖരിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുന്ന പരിപാടി നടപ്പിലാക്കേണ്ടതാണ്. പൊലീസ്, പിഡബ്ല്യുഡി, ആർ.ടി.ഒ., റവന്യൂ തുടങ്ങിയ റിക്കവറി നടത്തുന്ന സ്ഥാപനങ്ങളിലെ റിക്കവറി ചെയ്ത വസ്തുക്കൾ/വാഹനങ്ങൾ കൊതുക് വളരുന്നതിന് കരണമാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഉറവിടങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

**പങ്കാളിത്തം**

21. വാർഡ് തല മോണിട്ടറിങ് സമിതികളേയും വാർഡ് ശുചിത്വ - ആരോഗ്യ സമിതി, RRT ക്ലസ്റ്റർ കമ്മിറ്റികളേയും ബന്ധപ്പെടുത്തി, സന്നദ്ധ പ്രവർത്തകർ, രാഷ്ട്രീയ- യുവജന സംഘടനകൾ, യൂത്ത് ക്ലബ്ബുകൾ, തൊഴിലാളി സംഘടനകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ (ADS,CDS), റസിഡൻസ് അസോസിയേഷനുകൾ, എൻജിഒകൾ, എൻ.എസ്.എസ്., എൻ.സി.സി., ഭാരത് സ്കൗട്സ് ആൻഡ് ഗൈഡ്സ്, എസ്.പി.സി. തുടങ്ങി ബന്ധിപ്പിക്കാൻ കഴിയുന്ന എല്ലാ സംഘടനകളേയും വ്യക്തികളേയും വാർഡു തലത്തിലും തദ്ദേശ ഭരണ സ്ഥാപന തലത്തിലും ഏകോപിപ്പിച്ച് കൊതുക നിർമ്മാർജ്ജന/ശുചീകരണ പ്രവർത്തനത്തിനായി രംഗത്തിറക്കണം.

22. കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ ഓരോ അയൽക്കൂട്ട കുടുംബവും മാലിന്യമുക്തവും കൊതുക് വളരുന്ന സാഹചര്യവും ഇല്ലായ്മ ചെയ്യുന്നതിനുള്ള പ്രവർത്തനം സംഘടിപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഹരിത കർമസേന അംഗങ്ങൾ, നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവരെയും ഉൾപ്പെടുത്തി വേണം ഈ പരിപാടികൾ സംഘടിപ്പിക്കണം.

**വിദ്യാർത്ഥി പങ്കാളിത്തം**

23. വീടും പരിസരവും കൊതുക് വളരുന്ന സാഹചര്യം ഇല്ലായ്മ ചെയ്യുന്നതിനും പകർച്ചവ്യാധി പ്രതിരോധത്തിനും "കൊതുക് വിമുക്ത വീടുകൾ" എന്ന ആശയത്തിൽ സ്കൂൾ വിദ്യാർത്ഥികളെ കൂടി പങ്കാളികളാക്കണം. വിദ്യാർത്ഥികൾ ഓൺലൈൻ വിദ്യാഭ്യാസത്തിൽ പരിചയം നേടിയതു കൊണ്ട് മാർഗനിർദേശം നൽകുന്നതിന് പ്രസ്തുത സാധ്യത പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിനായി പഞ്ചായത്ത്, നഗരസഭയിലെ സ്കൂളുകളുമായി ബന്ധപ്പെട്ട് പ്രവർത്തനം ആസൂത്രണം ചെയ്തു നടപ്പാക്കണം. ഇതോടൊപ്പം ഓൺലൈൻ ക്ലാസ്സുകളിൽ കൂടി പകർച്ചവ്യാധി പ്രതിരോധത്തിൽ എല്ലാ ദിവസവും വിദ്യാർത്ഥികൾ നിരീക്ഷിക്കേണ്ടതും ചെയ്യേണ്ടതുമായ കാര്യങ്ങൾ ക്ലാസ്സിനൊപ്പം നൽകാനുള്ള നടപടി വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്.

**കുടുംബശ്രീയും ഹരിതകർമ്മസേനയും മുഖാന്തരം നടത്തേണ്ട ക്യാമ്പയിൻ പ്രവർത്തനങ്ങൾ**

24. വീടുകളിലും സ്ഥാപനങ്ങളിലും സന്ദർശനം നടത്തി മാലിന്യം തരംതിരിക്കൽ സംബന്ധിച്ച സന്ദേശങ്ങൾ, തരംതിരിച്ച് കൈമാറുമ്പോഴുള്ള ആരോഗ്യ നേട്ടങ്ങൾ എന്നിവ വീടുകൾ/സ്ഥാപന ഉടമകൾക്ക് കൈമാറുക; കൊതുക നിവാരണ പ്രവർത്തനങ്ങൾ പറഞ്ഞുകൊടുക്കുക, ഉറവിട നശീകരണത്തിന് സഹായം ഉറപ്പാക്കുക, പൊതു ശുചീകരണ യജ്ഞങ്ങളിൽ പങ്കാളികളാകുന്നതിന് വീട്ടുടമസ്ഥരേയും, സ്ഥാപന ഉടമകളേയും പ്രേരിപ്പിക്കുക

**ജില്ലാ തല ഏകോപനം**

ജില്ലാ കളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ, ആർ ജെ.ഡി., ശുചിത്വമിഷൻ ജില്ലാ കോ-ഓർഡിനേറ്റർ എന്നിവരുൾപ്പെടുന്ന കമ്മിറ്റി ജില്ലാ തലത്തിലുള്ള പ്രവർത്തനങ്ങളുടെ ദൈനംദിന വിലയിരുത്തൽ

നടത്തണം. ഹോട്സ്പോട്ടിലെ ആക്ഷൻ പ്ലാൻ രൂപീകരണം നടത്തിയും ഈ സമിതി സൂക്ഷ്മമായി വിലയിരുത്തുകയും നിരീക്ഷിക്കുകയും വേണം.

ഈ കാര്യങ്ങളെല്ലാം ഏകോപിപ്പിക്കുവാനും ആസൂത്രണം ചെയ്യുവാനും നിരീക്ഷിച്ച് അപ്പപ്പോൾ നിർദ്ദേശം നൽകുവാനുമുള്ള ചുമതല ജില്ലാ ആസൂത്രണ സമിതി വഹിക്കണം. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ കോ-ചെയർമാൻ, ജില്ലാ ആസൂത്രണ സമിതിയുടെ അദ്ധ്യക്ഷൻ എന്നീ നിലകളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാൻ, ജില്ലാ ആസൂത്രണ സമിതിയുടെ മെമ്പർ സെക്രട്ടറി എന്നീ നിലകളിൽ ജില്ലാ കളക്ടറും പ്രവർത്തിക്കുന്ന സാഹചര്യത്തിൽ അവർ നേതൃത്വം നൽകുന്ന സമിതിയായ ജില്ലാ ആസുത്രണ സമിതി ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള പരിപാടികളും പ്രവർത്തനങ്ങളും തയ്യാറാക്കി നടപ്പിലാക്കണം. ഇതിന്റെ ഭാഗമായി പൊതുമരാമത്ത്, ജലസേചനം, ജല അതോറിറ്റി, പൊതുവിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ വകുപ്പുകളെ കൂടി ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ ജില്ലാ ആസൂത്രണ സമിതിയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും പ്രത്യേക ശ്രദ്ധ പതിപ്പിക്കണം. ജില്ലാ/നഗരസഭ/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത്തലങ്ങളിലെ പ്രസിഡന്റ്/ ചെയർമാൻമാരുടെ അധ്യക്ഷതയിലും അതാത് മെഡിക്കൽ ഓഫീസർമാർ കൺവീനറായും ഉള്ള ആരോഗ്യ ജാഗ്രതാ സമിതികളുടെ യോഗം നടക്കുന്നുവെന്നും ഇക്കാര്യങ്ങൾ ചർച്ച ചെയ്യപ്പെടുന്നുവെന്നും ഉറപ്പാക്കണം.

ആർ .എസ് .കണ്ണൻ
സ്പെഷ്യൽ സെക്രട്ടറി

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരള മിഷൻ.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവന്തപുരം.

സ്റ്റേറ്റ് പോലീസ് ചീഫ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.

ആരോഗ്യവകുപ്പ് ഡയറക്ടർ.

ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, തിരുവനന്തപുരം.

ഹോമിയോപ്പതി ഡയറക്ടർ, തിരുവനന്തപുരം

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, കൃഷി വകുപ്പ് തിരുവനന്തപുരം.

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ് തിരുവനന്തപുരം.

ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് തിരുവനന്തപുരം.

ഡയറക്ടർ, ക്ഷീരവികസന വകുപ്പ്

ചീഫ് എഞ്ചിനീയർ (അഡ്മിനിസ്ട്രേഷൻ), പൊതുമരാമത്ത് വകുപ്പ്.

ചിഫ് എഞ്ചിനീയർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ), ജലസേചന വകുപ്പ്

മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതേറിറ്റി.

മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി.

ലേബർ കമ്മീഷണർ, തിരുവനന്തപുരം.

ഡയറക്ടർ, ഫിഷറീസ് വകുപ്പ് തിരുവനന്തപുരം.

എല്ലാ കോർപ്പറേഷൻ / മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും

(നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് / ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും

(പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും

(ഗ്രാമവികസന കമ്മീഷണർ മുഖേന)

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

ആയുഷ് വകുപ്പ്

ആഭ്യന്തര വകുപ്പ്

പൊതുവിദ്യാഭ്യാസ വകുപ്പ്

കൃഷി വകുപ്പ്

സാമൂഹ്യനീതി വകുപ്പ്

മൃഗസംരക്ഷണ ക്ഷീരവികസനവും വകുപ്പ്

പൊതുമരാമത്ത് വകുപ്പ്.

ജലവിഭവ വകുപ്പ്.

തൊഴിലും നൈപുണ്യവും വകുപ്പ്

മത്സ്യബന്ധന തുറമുഖ വകുപ്പ്

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

വിവരപൊതുജനസമ്പർക്ക (വൈബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

Ravikumar

സെക്ഷൻ ഓഫീസർ.

പകർപ്പ് - തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ (പി.എസ്) ന്

ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രിയുടെ (പി.എസ്) ന്

തദ്ദേശസ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്